ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖല യിൽ 2823 ബാച്ചുകളും എയ്ഡഡ് മേഖലയിൽ 3277 ബാച്ചുകളുമുണ്ട്. രണ്ട് വിഭാഗങ്ങളിലുമായി 336,629 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം(1) ആയി ചേർക്കുന്നു.*

(ബി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു.*

(സി) 19-5-2014-ന് എഡിസിസി3/16830/13/എച്ച്.എസ്.ഇ. നമ്പർ കത്തു പ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോ സലിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ള സ്കൂളുകളുടെ വിവരം അനുബന്ധം (III) ആയി ചേർക്കുന്നു.* കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച് ബാച്ചുകൾ അനുബന്ധം (IV) ആയി ചേർക്കുന്നു.*

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമനം

96 (1151) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരെ ഏതെങ്കിലും സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത നിയമനത്തിന് ഉത്തരവ് നൽകിയ ഉദ്യോഗസ്ഥനാരാണെന്ന് അറിയിക്കാമോ ;

(സി) സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് ചട്ടം അനുശാസിക്കുന്നുണ്ടോ ; ഏത് ചട്ടപ്രകാരമാണ് ഇങ്ങനെ സ്ഥലം മാറ്റം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടപ്രകാരമല്ലാതെ സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് സ്ഥലംമാറ്റം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly